പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: 2647 14.12.15 ൽ മറുപടിക്ക്

## നദികളിലെ മണൽ വാരൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഏതെല്ലാം നദികളിൽ നിന്നാണ് മണൽ വാരുന്നതിനുള്ള അനുവാദം നൽകിയിട്ടുള്ളതെന്നും ഇതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) പമ്പ, പെരിയാർ, കടലുണ്ടി, ഇത്തിക്കര, ചാലിയാർ, മൂവാറ്റുപുഴ എന്നീ നദികളിൽ നിന്ന് അടുത്ത മൂന്ന് വർഷത്തേയ്ക്ക്, വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഖനനം ചെയ്യുന്നതിന് അനുമതി നൽകുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസ്ഥകൾ താഴെ ചേർക്കും പ്രകാരമാണ്.<br>1. SEIAA യുടെ പാരിസ്ഥിതികാനുമതി ലഭ്യമായശേഷം മണൽ ഖനനം നടത്താവുന്നതാണ്.<br>2. മണൽ ഖനനം നടത്തേണ്ടത് ഘട്ടംഘട്ടമായാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>3. നദികളിൽ ഓരോ മൂന്നു വർഷം കൂടുമ്പോഴും സാന്റ് ആഡിറ്റിംഗ് നടത്തി, ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് പുതുക്കി നിശ്ചയിക്കാവുന്നതാണ്.<br>4. സമ്മർ വാട്ടർ ലെവലിങ്ങിന് മുകളിലുള്ള മണലാണ് വാരാവുന്നത്. ആകെ മണലിന്റെ മൂന്നിലൊന്ന് വീതം ഓരോ വർഷവും വാരാവുന്നതാണ്. |
| (ബി) നദികളിലെ മണലിന്റെ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ നദിയിലും ഇത് സംബന്ധിച്ച് കണ്ടെത്തിയ വസ്തുതകൾ വ്യക്തമാക്കുമോ; | (ബി) കേരളത്തിലെ 20 നദികളിൽ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന് ഈ മേഖലയിൽ പ്രാവീണ്യമുള്ള വ്യത്യസ്ത സ്വകാര്യ ഏജൻസികളെ നിയോഗിക്കുകയും, 14 നദികളുടെ സാന്റ് ആഡിറ്റിംഗ് റിപ്പോർട്ടുകൾ NCESS, CWRDM ഇവയിൽ ഏതെങ്കിലും പരിശോധിച്ച ശേഷം റിവർ മാനേജ്മെന്റ് സെൽ ശുപാർശയോടെ സർക്കാരിൽ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് |

ആധാരമാക്കി നദികളിലെ മണലിന്റെ ലഭ്യത സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പമ്പ, പെരിയാർ, കടലുണ്ടി, ഇത്തിക്കര, ചാലിയാർ, മൂവാറ്റുപുഴ എന്നീ നദികളിൽ നിന്ന് അടുത്ത മൂന്ന് വർഷത്തേയ്ക്ക് മണൽ ഖനനം അനുവദിച്ചുകൊണ്ടും, മണൽ ലഭ്യത കുറവായ കബനി, കുറ്റ്യാടി, കല്ലട, നെയ്യാർ, വാമനപുരം, ചന്ദ്രഗിരി, അഞ്ചരക്കണ്ടി, കരുവന്നൂർ എന്നീ നദികളിൽ മണൽവാരൽ നിരോധിച്ചുകൊണ്ടും ഇതിനോടകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ നദിയിലും പഠനത്തിലൂടെ വെളിവായ വസ്തുതകൾ ആധാരമാക്കിയാണ് മണൽ ഖനനത്തിന് അനുമതി നൽകി വരുന്നത്.

സി) പുഴകളിലെ മണൽ ഖനനം സാംബന്ധിച്ച് ഏതൊക്കെ വകുപ്പുകൾക്കാണ് നിയന്ത്രണാധികാരങ്ങൾ ഉള്ളതെന്നു വ്യക്തമാക്കുമോ?

സി) പുഴകളിലെ മണൽ ഖനനം സംബന്ധിച്ച നിയന്ത്രണാധികാരം മുഖ്യമായും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്.

**സെക്ഷൻ ഓഫീസർ**